# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എൽ.പി- പി 3/ 563 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/07/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി- പി 3/ 563 /2021 തീയ്യതി: 05/07/2021

## ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ(22.06.2021-25.06.2021)
ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(17.06.2021-18.06.2021)
മായാദേവി.സി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുഷ.റ്റി.പിള്ള,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.സുജാത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ്തി നായർ | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ഷാമില.എൻ.അസി.സെക്രട്ടറി (ചാർജ്ജ്) | സെക്രട്ടറി | 15-07-2019 | 24-07-2019 |
| ദീപ്തി നായർ | സെക്രട്ടറി | 25-07-2019 | 26-01-2020 |
| ഷാമില.എൻ.അസി.സെക്രട്ടറി (ചാർജ്ജ്) | സെക്രട്ടറി | 27-01-2020 | 09-02-2020 |
| ആർ.ഗംഗാദേവി | കൃഷി ഓഫീസർ | 01-04-2019 | 31-05-2019 |
| സുജ | കൃഷി ഓഫീസർ(ചാർജ്ജ) | 01-06-2019 | 13-10-2019 |
| ജെ.മഹേശ്വരി | കൃഷി ഓഫീസർ | 14-10-2019 | 31-03-2020 |
| ഡോ.രേഖാസാഗർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഷീല ദേവസ്യ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-12-2019 |
| സവിത | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ഡോ.അഞ്ജു.ശ്രീധരൻ | മെഡിയ്ക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ആർ.ശ്രീജ | മെഡിയ്ക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡേ.അനീഷ് | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഉമ്മർകുഞ്ഞ്.എം | ഹെഡ്മാസ്റ്റർ. (ഗവ.എൽ.പി.എസ്) | 01-04-2019 | 31-03-2020 |
| ഹണി | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| സിന്ധു.ബി | അസി.എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ധന്യ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| കവിത | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഫാമില.എൻ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഗീത | ഡയറി ഫാം ഇൻസ്ടക്ടർ | 01-04-2019 | 31-03-2020 |
| ദീപ്തി നായർ | സെക്രട്ടറി | 10-02-2020 | 31-03-2020 |
| വേക്കന്റ് | അസി.എഞ്ചിനീയർ | 17-07-2019 | 23-07-2019 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 29-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: A.P.Shibu (Senior Grade Auditor, On 28-06-2021)<br>Last Updated By: Rajeev R (Deputy Director, On 30-06-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jayakrishna R (Asst. Audit Officer, On 28-06-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 29-06-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 28-06-2021)<br>Last Updated By: Rajeev R (Deputy Director, On 30-06-2021) | 1-10 |
| 11 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-11 |
| 12 | അസ്തി രജിസ്റ്റർ പരിപാലിക്കുന്നതിൽ ഗുരുതര വീഴ്ച.<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-12 |
| 13 | ആധുനിക മത്സ്യമാർക്കറ്റ്-അവ്യക്തമായ കമ്മിറ്റി തീരുമാനം-പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-13 |
| 14 | ലേല നടപടികൾ സ്വീകരിച്ചില്ല- പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല.<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-14 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-15 |
| 16 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-16 |
| 17 | ഡെപ്പോസിറ്റ്- കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2021) | 1-17 |
| 18 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അധിക തുക ചെലവഴിച്ചു.<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-18 |

| | | |
|---|---|---|
| 19 | ഐ.എസ്.ഓ സർട്ടിഫിക്കേഷന്റെ ഭാഗമായി റെക്കോഡ് റൂമിന് ഫർണ്ണിച്ചർ - എസ്റ്റിമേറ്റ് തയാറാക്കാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുമുള്ള വാങ്ങൽ.<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-19 |
| 20 | വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-20 |
| 21 | യോഗ പരിശീലനം സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-21 |
| 22 | അഗതി രഹിത കേരളം-പദ്ധതിപ്പണം അഗതികൾക്കായി വിനിയോഗിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 25-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-22 |
| 23 | റി ബിൽഡ് കേരള - സർവെ നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ചെയ്ത് നല്കിയത്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-24 |
| 25 | മൊമെന്റോകൾ വാങ്ങിയത്- രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-25 |
| 26 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല- ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-26 |
| 27 | പകൽവീട് ബാക്കി പണി പൂർത്തിയാക്കൽ-ടെണ്ടർ കുറവ് വരുത്തിയില്ല.<br>Written By: Sajitha Das (Audit Officer (HG), On 29-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-27 |
| 28 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-28 |
| 29 | ശ്മശാന നിർമ്മാണം-പദ്ധതി ആവിഷ്കരിക്കുന്നതല്ലാതെ പ്രവൃത്തി നടപ്പിലാക്കുന്നില്ല<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-29 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മസ്റ്റർ റോൾ സൂക്ഷിപ്പിൽ അലംഭാവം<br>Written By: Susha.T.Pillai (Asst. Audit Officer, On 26-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-30 |
| 31 | അങ്കണവാടി പോഷകഹാര വിതരണ പദ്ധതി-സ്റ്റോക്ക് എന്ട്രിയിൽ വ്യത്യാസം<br>Written By: Susha.T.Pillai (Asst. Audit Officer, On 26-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | 1-31 |
| 32 | അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല.<br>Written By: Susha.T.Pillai (Asst. Audit Officer, On 26-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-32 |
| 33 | മരുന്നുകളുടെ ലഭ്യത പൂർണ്ണമായില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 26-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-33 |
| 34 | ലൈഫ് മിഷൻ പദ്ധതി- ഒരു അവലോകനം | 1-34 |

| | | |
|---|---|---|
| | Written By: Deepa.K.Gopal (Asst. Audit Officer, On 25-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 29-06-2021) | |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 26-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അധിക തുക ചെലവഴിച്ചു<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 3-1 |
| 2 | പകൽവീട് ബാക്കി പണി പൂർത്തിയാക്കൽ-ടെണ്ടർ കുറവ് വരുത്തിയില്ല.<br>Written By: Sajitha Das (Audit Officer (HG), On 30-06-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-06-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിവരം<br>Written By: Sajitha Das (Audit Officer (HG), On 27-06-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-06-2021) | 4-1 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 25.02.2019 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 221481000 | 222958440 |
| വാർഷിക കണക്ക് പ്രകാരം | 149749535 | 145773481 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 26.05.2020 | - | - |

<u>വാർഷിക കണക്കിലെ അപാകതകൾ</u>

1)സഞ്ചയ ഡി.സി.ബി പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെുന്നില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)ലോൺരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-5 പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല,

4) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ട് ഇനത്തിലെ നീക്കിയിരിപ്പ് 2350020 രൂപ. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലെ തുക 2255020 രൂപയാണ്. 95000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

5)വികസന ഫണ്ട് പൊതു വിഭാഗത്തിൽ 2224924 രൂപയും വികസന ഫണ്ട്-എസ്.സി.പി വിഭാഗത്തിൽ 29412 രൂപയും സോഴ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഇവയുമായി ബന്ധപ്പെട്ട പ്രോജക്ട് ആവിഷ്കരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഫണ്ടുകളിലെ സാംഖ്യ, സുലേഖ എന്നിവ പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16798873 |
| വരവ് | 69832199 |
| ആകെ | 86631072 |
| ചെലവ് | 65856145 |
| നീക്കിയിരിപ്പ് | 20774927 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ടമെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 20164000 | 2224924 | 11761547 | 13986471 | 6177529 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 4922000 | 29412 | 3309400 | 3388812 | 1533188 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 139000 | 0 | 55025 | 55025 | 83975 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 4419000 | 0 | 1254760 | 1254760 | 3164240 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 5430000 | 0 | 3058500 | 3058500 | 2371500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 10320544 | 0 | 4088893 | 4088893 | 6231651 |

വികസന ഫണ്ട് പൊതു വിഭാഗത്തിൽ 2224924 രൂപയും വികസന ഫണ്ട്-എസ്.സി.പി വിഭാഗത്തിൽ 29412 രൂപയും സോഴ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഇവയുമായി ബന്ധപ്പെട്ട പ്രോജക്ട് ആവിഷ്കരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഫണ്ടുകളിലെ സാംഖ്യ, സുലേഖ എന്നിവ പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

സോഴ്സിൽ നിന്ന് കുറവ് ചെയ്തിട്ടുള്ളതും സാംഖ്യ എ.സി.ആർ പ്രകാരം ഉൾപ്പെട്ടിട്ടില്ലാത്തതുമായ ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | ലൈഫ് ലോൺ തിരിച്ചടവ് | 904412 |
| | ലൈഫ് ലോൺ തിരിച്ചടവ് | 904412 |
| | അങ്കണവാടി 2018-19 ലെ ജീവനക്കാരുടെ വേതനം | 416100 |
| വികസന ഫണ്ട് (എസ്.സി.പി) | ലൈഫ് ലോൺ തിരിച്ചടവ് | 14706 |
| | ലൈഫ് ലോൺ തിരിച്ചടവ് | 14706 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 139 | 9791081 | 80 | 47993651 | 3 | 56 | 59.71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 32925 | 1275000 | 1307925 | 1217914 | 90011 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 56264000 | 56264000 | 56264000 | |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 170040 | 186 |
| കർഷകതൊഴിലാളി പെൻഷൻ | 5544000 | 959 |
| വിധവാപെൻഷൻ | 4939800 | 842 |
| വാർദ്ധക്യകാലപെൻഷൻ | 9013500 | 1554 |
| വികലാംഗപെൻഷൻ | 1901700 | 321 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-06-21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10514 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവമായി വീക്ഷിക്കേണ്ടതാണ്.(ഖ.1.12 കാണുക)

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:** വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തുന്നില്ല.

**വർക്കിംഗ് ഗ്രൂപ്പുകൾ:** ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഒഴികെയുള്ള മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളോടൊപ്പം മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരാരും തന്നെ പദ്ധതി ഫയലുകളിൽ ഓഫീസ് നോട്ടുകൾ തയ്യാറാക്കുന്നില്ല.

പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ തയ്യാറാക്കപ്പെടുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2021 | ജനുവരി 2021 | ഇല്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012 | 2007-2012 | 07/10/2013 |

1-11 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉ(കൈ) 11/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ദുരന്ത നിവാരണം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നിലവില് 12 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. 2019-20വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിങ്ങ് ഗ്രൂപ്പുകൾ ഒര് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

വാർഷിക പദ്ധതി അംഗീകാരം ലഭിച്ചശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്വവും വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

1-12 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിൽ ഗുരുതര വീഴ്ച.

ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട പല ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. താഴെ പറയുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായും അവയുടെ പരിപാലനത്തിനായും പല പദ്ധതികളും ഈ കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ട ആസ്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ബഡ്സ് സ്കൂൾ | ബഡ്സ് സ്കൂൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം, സ്ഥലം എന്നിവ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |
| പകൽവീട് | നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം, സ്ഥലം എന്നിവ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |
| അംഗൻവാടികൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 19അംഗനവാടികളുള്ളതിൽ 18 എണ്ണത്തിന് സ്വന്തമായി ഭൂമിയുണ്ട്, 15എണ്ണത്തിന് സ്വന്തമായി കെട്ടിടവും. ആസ്തി രജിസ്റ്ററിൽ 10അംഗനവാടി ഭൂമികളുടെ വിവരവും 11അംഗനവാടി കെട്ടിടങ്ങളുടെ വിവരവും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ആധുനിക ശ്മശാനനിർമ്മാണത്തിനുള്ള ഭൂമി | ഏഴിന പരിപാടിയിൽ ഉൾപ്പെടുത്തി ശ്മശാനത്തിനായി 200 സെന്റ് സ്ഥലം 1980 കാലഘട്ടത്തിൽ ആർജ്ജിച്ചിട്ടുണ്ട്. ഈ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |

ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളാവട്ടെ അപൂർണ്ണവുമാണ്. വാർഡ് നമ്പർ, ആസ്തി ആർജ്ജിച്ച വർഷം, മെയിന്റനൻസ് നടത്തിയിട്ടുള്ളതിന്റെ വിവരം എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. റോഡ് ആസ്തിയിലാവട്ടെ ചില റോഡുകൾക്ക് പേരു പോലുമില്ല. വാർഡ് ഏതാണെന്നും രേഖപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ ഭൂമികളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ പേരിൽകൂട്ടിയിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി ഡിജിറ്റലൈസ് ചെയ്യുന്നതിന് 2011 ലും തുടർന്നും പല ഉത്തരവുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവുകൾ ഇതേ വരെയും പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/25.06.2021)മറുപടി നൽകിയില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാത്തത് വഴി അധികച്ചെലവിനും, ആസ്തികൾ കയ്യേറ്റം ചെയ്യപ്പെടുന്നതിനും ഇടയാക്കുന്നു. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കുന്നതിൽ പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ആധുനിക മത്സ്യമാർക്കറ്റ്-അവ്യക്തമായ കമ്മിറ്റി തീരുമാനം- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ആധുനിക മത്സ്യമാർക്കറ്റ് ലേല നടപടികളിലുടെ മാവേലി മറൈൻ ഫുഡ്സ് എന്ന സ്ഥാപനത്തിന് 5 വർഷത്തേക്ക്(14.12.16 മുതൽ 13.12.2021വരെ) പ്രതിമാസം 30000രൂപ വാടകയ്ക് നൽകിയിരുന്നതാണ്. കരാർ പ്രകാരം 5% വർദ്ധനവും വ്യവസ്ഥ ചെയ്തിരുന്നു. സ്ഥാപനം നഷ്ടത്തിലായതിനാൽ 2018 ൽ പ്രവർത്തനം നിലച്ചു. എന്നാൽ തുടർന്ന്(18-19) ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷന്റെ (മത്സ്യഫെഡ്) 12.06.19 ലെ കത്തിൽ കരുവാറ്റ പഞ്ചായത്തിന് കീഴിലുള്ള മത്സ്യമാർക്കറ്റ് ഏറ്റെടുത്ത് നടത്താൻ കഴിയുമെന്നും പ്രതിമാസം 15000രൂപ വാടക നൽകാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിലെ കെട്ടിടത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്നും അറിയിച്ചിരുന്നു. ആയതിനെ തുടർന്ന് 29.06.19 ലെ കമ്മറ്റിയിൽ കെ.എസ്.സി.എ.ഡി.സി യുടെ ഉടമസ്ഥതയിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടമായതിനാൽ കെട്ടിടത്തിന് മാറ്റം വരുത്തുവാൻ പഞ്ചായത്തിന് സ്വമേധയാ തീരുമാനം എടുക്കുവാൻ കഴിയില്ലായെന്നും അവരുമായി ചർച്ച ചെയ്ത ശേഷം വിവരം മത്സ്യഫെഡിനെ അറിയിക്കാമെന്നും തീരുമാനിച്ചു. ഈ വിഷയത്തിൽ കെ.എസ്.സി.എ.ഡി.സിയ്ക് കത്തയച്ചിരിക്കുന്നത് 20.11.2019 ലാണ്. Defect Liability Period അവസാനിച്ചതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് മാറ്റം വരുത്താതെയും Structure Component ൽ കേടുപാടുകൾ വരുത്താതെയും സർക്കാർ നിയമങ്ങൾക്ക് വിധേയമായ മാറ്റങ്ങൾ നടത്താവുന്നതാണെന്ന് കെ.എസ്.സി.എ.ഡി.സി 20.01.2020ൽ അറിയിച്ചതിനെ തുടർന്ന് 12.05.2020 ലെ 6/1 നമ്പർ തീരുമാന പ്രകാരം 15000(ജി.എസ്.റ്റി ഉൾപ്പെടെയുള്ള പ്രതിമാസ വാടക) രൂപ പ്രതിമാസ വാടകക്ക് നൽകാമെന്ന് തീരുമാനിച്ചിരിക്കുന്നു. മത്സ്യഫെഡിന്റെ 30.04.2020ലെ കത്തിൽ കെട്ടിടത്തിന് മാറ്റങ്ങൾ വരുത്താതെ തന്നെ ഉപയോഗിക്കുവാൻ അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ 12.06.19 ലെ കത്തിലും 29.06.19 ലെ കമ്മറ്റി തീരുമാനത്തിലും പ്രതിമാസ വാടക 15000 എന്ന് രേഖപ്പെടുത്തിയ സാഹചര്യത്തിൽ എപ്രകാരമാണ് 12.05.2020 ലെ തീരുമാനത്തിലും അതിനനുസൃതമായി ചമച്ച കരാറിലും ജി.എസ്.റ്റി ഉൾപ്പെടെയുള്ള പ്രതിമാസ വാടക, 15000 എന്ന് തീരുമാനിച്ചത് എന്ന് വ്യക്തമല്ല. പ്രതിമാസ വാടകയാണ് പഞ്ചായത്തിന് തീരുമാനിക്കാവുന്നത്. 18-19 ൽ മാവേലി മറൈൻ പ്രോഡക്റ്റ്സിൽ നിന്നും ലഭിച്ച വാടക 31500 ആയിരുന്നു എന്നതും പ്രസക്തമാണ്. ജി.എസ്.റ്റി നിരക്ക് നിശ്ചയിക്കുന്നത് ജി.എസ്.റ്റി കൗൺസിൽ ആണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് എപ്രകാരമാണ് ജി.എസ്.റ്റി ഉൾപ്പെടെയുള്ള പ്രതിമാസ വാടക നിശ്ചയിച്ചതെന്ന് വ്യക്തമല്ല. കൂടാതെ മത്സ്യഫെഡ് 12.06.19 ൽ നല്കിയ കത്തിൻമേലുള്ള തുടർ നടപടികൾക്ക് കെ.എസ്.സി.എ.ഡി.സിയ്ക് കത്തയച്ചിരിക്കുന്നത് 20.11.2019 ലാണ്. മത്സ്യഫെഡിന് 1.06.2020 മുതലാണ് വാടകയ്ക് കൊടുത്തിരിക്കുന്നത്. ഒര് വർഷത്തെ കാലതാമസമാണ് ഉണ്ടായിരിക്കുന്നത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/24.06.21) മറുപടി ഹാജരാക്കിയില്ല. പ്രതിമാസ വാടക 15000 എന്ന് കണക്കാക്കിയാൽ ജി.എസ്.റ്റി (18%), പ്രളയ സെസ്സ് (1%) ഉൾപ്പെടെ ആകെ

പഞ്ചായത്തിന് ലഭിക്കേണ്ടത് 17850 രൂപയാണ്. യഥാസമയം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും 12.05.2020 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം പുന:പരിശോധിക്കപ്പെടേണ്ടതും നികുതികൾ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതുമാണ്.

1-14 ലേല നടപടികൾ സ്വീകരിച്ചില്ല- പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല.

2018 ലെ പ്രളയത്തിൽ കുമാരപുരം എൽ.പി.എസിലേക്ക് ചാഞ്ഞുവീണ അക്കേഷ്യ മരം, പ്രീപ്രൈമറി കുട്ടികൾക്ക് ചെരിപ്പ് വയ്കുന്നതിനുള്ള റാക്ക് പണിയുന്ന ആവശ്യത്തിലേക്ക് സ്കൂൾ എച്ച്.എം നെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി (04.09.19ലെ I(1)നം) തീരുമാനിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഡിവിഷനുമായി ബന്ധപ്പെട്ട് തടിയുടെ മൂല്യനിർണ്ണയം നടത്തി ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ ജീർണ്ണനാവസ്ഥയിലാണെന്നാണ് കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി മരം വീണതിനും ഒര് വർഷത്തിന് ശേഷമാണ് പഞ്ചായത്ത് കമ്മറ്റിയിൽ ഇപ്രകാരം തീരുമാനം എടുത്തിരിക്കുന്നത്. റാക്ക് പണിതതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടുമില്ല. യഥാസമയം മൂല്യം നിർണ്ണയിച്ച് ലേലം നടത്താതിരുന്നതിന്റെ കാരണം, റാക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(5/22.06.21) നല്കിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നത് കാരണം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായി. വിശദീകരണം ലഭ്യമാക്കേണ്ടതും കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റാക്ക് പണിതിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുമാണ്.

1-15 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിയ്ക്കുന്നത് . സഞ്ചയ പ്രകാരം അപ്രൂവ് ചെയ്ത782 സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 190 സ്ഥാപനങ്ങളും ലൈസൻസ് രജിസ്റ്റർ പ്രകാരം 241 സ്ഥാപനങ്ങളും മാത്രമേ ലിസ്റ്റ് ചെയ്തിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റും, ലൈസൻസ് ഫീസ് രജിസ്റ്ററും കാലികമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ് ) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

3)1996 ലെ കേരളാ പഞ്ചായത്ത് രാജ് ( ഫാക്ടറികൾകും വ്യാപാരങ്ങൾകും സംരംഭക പ്രവർത്തനനങ്ങൾകും മറ്റ് സേവനങ്ങൾകും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ലൈസൻസ് അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകേണ്ടതും പുതുക്കുവാനുള്ള അപേക്ഷകൾ ചട്ടം 10 പ്രകാരം, പട്ടിക 11 അനുസരിച്ചുള്ള ഫീസും സ്വയം സാക്ഷ്യപത്രവും പ്രകാരം പുതുക്കി നൽകാവുന്നതാണ് ഏന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ഭൂരിപക്ഷം അപേക്ഷകളും 30 ദിവസത്തോളം കഴിഞ്ഞാണ് നൽകുന്നതായി കാണുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | പേര്,മേൽവിലാസം | ഇൻവേർഡ് തീയതി | ഡെലിവറി തീയതി |
|---|---|---|---|
| 1 | രാജു.പി പുത്തൻപുരയ്ക്കൽ,കരുവാറ്റ | 28/02/19 | 30/03/19 |
| 2 | ഷാമോൻ,പുത്തൻവീട് കരുവാറ്റ | 15/03/19 | 10/04/19 |
| 3 | ചന്ദ്രൻ.ഡി,തോട്ടുകടവിൽ കരുവാറ്റ | 08/03/19 | 06/04/19 |
| 4 | ആർ.മോഹനൻ ,പുത്തൻപറമ്പിൽ,കരുവാറ്റ | 28/02/19 | 30/03/19 |
| 5 | കവിത,കാർത്തിക,കരുവാറ്റ | 08/03/19 | 10/04/19 |

അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി ലൈസൻസുകൾ കൃത്യസമയത്ത് തന്നെ നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

4) ലൈസൻസ് രജിസ്റ്ററിൽ മോട്ടോർ റണ്ണിംഗ് ഫീസിന്റെ വിവരങ്ങൾ, തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങളോ, ലേറ്റ് ഫീ യുടെ വിവരങ്ങളോ ചേർത്തിട്ടില്ല. ഈടാക്കിയ ഫീസിന്റെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-16 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2019-2020 വർഷങ്ങളിൽ ഇ-ടെന്ററ്‍ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്ററ്‍ ഫീസിനത്തിൽ 38305 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെന്ററ്‍ മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ എണ്ണം | ടെന്ററ്‍ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|---|
| 2019-2020 | 14 | 38305 |

2015-16 വർഷം മുതൽ 2019-2020 വർഷം വരെ ആകെ എത്ര തുകകളാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-17 ഡെപ്പോസിറ്റ്- കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകകൾ 3 വർഷം കാലാവധി കഴിഞ്ഞവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്ന് കേരള ഫിനാൻസ് കോഡ് റൂൾ 282 ൽ നിഷ്കർഷിക്കുന്നു. എന്നാൽ താഴെ ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ 3 വർഷ കാലാവധിക്ക് ശേഷവും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| വർഷം | ഇനം | തുക |
|---|---|---|
| 2012-13 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 4000 |
| 2013-14 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 7500 |
| 2014-15 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 100000 |
| 2015-16 | കോൺടാക്ടേഴസ് റിട്ടൻഷൻ | 2338 |
| 2016-17 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 26936 |
| 2016-17 | ഇ എം ഡി | 20880 |

മേൽ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അധിക തുക ചെലവഴിച്ചു.

സ്ട്രീറ്റ് ലൈറ്റ് മെയിന്ററനൻസ് പ്രോജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്ററനൻസ് നടത്തുന്നതിനായി 2018-19 വർഷം 400000 രൂപ വകയിരുത്തി പ്രോജക്ട് (പ്രോജക്ട് നം.S020/19) ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ഇത് പ്രകാരം ഉപകരണങ്ങളുടെ വിലയായി 152324 രൂപയും 75% മെയിന്ററനൻസ് നടത്തിയ ഇനത്തിലെ തുകയും ഉൾപ്പടെ 300000 രൂപ 2018-19 വർഷം കരാറുകാരനായ ഓമനക്കുട്ടൻ പിള്ളയ്ക്ക് നൽകിയിരുന്നു. അവശേഷിക്കുന്ന 100000 രൂപ (ബിൽ നം.7/24.6.19) തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തിയ ഇനത്തിൽ കരാറുകാരന് 2019-20വർഷം (പ്രോജക്ട് നം.97/20) നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തിയതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മെയിന്ററനൻസ് നടത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ട്യൂബ് | സി എഫ് | എൽ ഇ | ബൾബ് |
|---|---|---|---|---|

| നം. | | എൽ | ഡി | |
|---|---|---|---|---|
| 1 | 5 | 17 | | |
| 2 | 8 | 30 | | |
| 3 | 6 | 40 | | |
| 4 | 8 | 32 | | |
| 5 | 9 | | 38 | |
| 6 | 6 | | 41 | |
| 7 | 9 | | | 39 |
| 8 | 7 | | | 35 |
| 9 | 12 | | | 35 |
| 10 | 9 | | | 43 |
| 11 | 7 | | | 40 |
| 12 | 5 | | | 36 |
| 13 | 7 | | | 33 |
| 14 | 6 | | | 46 |
| 15 | 9 | | | 38 |
| ആകെ | 113 | 119 | 79 | 345 |

ഇപ്രകാരം ആകെ 656 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ട്.

ഫയലിനോടൊപ്പം തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിന് കെ.എസ്.ഇ.ബി അംഗീകരിച്ച നിരക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം സി.എഫ്.എൽ/ട്യൂബ്/ബൾബ് എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി അംഗീകരിച്ച നിരക്ക് 278 രൂപയാണ്. ഇതനുസരിച്ച് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിനായി ആകെ ചെലവഴിക്കാവുന്ന തുക 182368 രൂപ മാത്രമാണ്. അതോടൊപ്പം ഉപകരണങ്ങളുടെ വില 152324 രൂപ ഉൾപ്പടെ ചെലവഴിക്കാവുന്ന തുക 334692 രൂപയാണ്. എന്നാൽ രണ്ട് വർഷങ്ങളിലുമായി ആകെ 400000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 65308 രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/24.6.2021) യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച 65308 രൂപ ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. ജി.എസ്.റ്റി സെക്ഷൻ 51 പ്രകാരം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്കോ സേവനങ്ങൾക്കോ കരാറുകാരനിൽ നിന്ന് 2% തുക സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം തുക കുറവ് ചെയ്തതായി കാണുന്നില്ല.അധികം ചെലവഴിച്ച 65308 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതും നിയമാനുസൃത നികുതി കരാറുകാരനിൽ നിന്ന് ഈടാക്കി ജി.എസ്.ററി വകുപ്പിൽ അടയ്ക്കേണ്ടതുമാണ്.

1-19 ഐ.എസ്.ഓ സർട്ടിഫിക്കേഷന്റെ ഭാഗമായി റെക്കോഡ് റൂമിന് ഫർണ്ണിച്ചർ - എസ്റ്റിമേറ്റ് തയാറാക്കാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുമുള്ള വാങ്ങൽ.

ഐ.എസ്.ഓ സർട്ടിഫിക്കേഷന്റെ ഭാഗമായി റെക്കോഡ് റൂമിന് ഫർണ്ണിച്ചർ വാങ്ങൽ(പ്രോജക്ട് നം.S0098/20)പ്രോജക്ട് പ്രകാരം ഓഫീസ് റൂമിൽ അലൂമിനിയം ഫാബ്രിക്കേഷൻ നടത്തിയിട്ടുണ്ട്. ഇതിനായി സാധനങ്ങളുടെ വില 56378 രൂപയും ലേബർ ചാർജ്ജ് 93622 രൂപയും ഉൾപ്പടെ 150000 രൂപ(ബിൽ നം.9/18.7.19) രതീഷ്.ആർ എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു,

1) പ്രവൃത്തി നടത്തുന്നതിന് കരാറുകാരിൽ നിന്ന് ടെന്റർ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) പ്രവൃത്തി നടത്തുന്നതിന് മുൻപായി എസ്റ്റിമേറ്റ് തയാറാക്കുകയോ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3)ജി.ഓ(പി)നം.259/2010/തസ്വഭവ/ തീ. 8.11.2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാനുവൽ ഖ-4 പ്രകാരം 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെന്റർ

ക്ഷണിക്കേണ്ടതാണ്. എന്നാൽ മത്സരാധിഷ്ഠിത ടെന്ററുകൾ ക്ഷണിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രതീഷ്.ആർ എന്ന കരാറുകാരന്റെ ടെന്റർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടെന്റർ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തിയത് പ്രൊക്യുർമെന്റ് മാനുവലിന് വിരുദ്ധമായ നടപടിയാണ് .

4) മേൽ ഉപകരണം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലോ സ്റ്റോക്ക് രജിസ്റ്ററിലോ ചേർത്തിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം (13/23.6.2021)നൽകിയതിന് മറുപടി ഹാജരാക്കാതിരുന്നതിനാൽ ഫർണിഷിംഗിനായി ചെലവഴിച്ച 150000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയില്ല

ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മാസം തോറും 14063രൂപയാണ് അടച്ച് വരുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 327 ടാപ്പുകളാണുള്ളത്. എന്നാൽ 12/2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ടാപ്പുകളുടെ എണ്ണം 327 ൽ നിന്ന് 351 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ടാപ്പുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച രേഖകളൊന്നും തന്നെ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടില്ല. സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും ആയതിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 യോഗ പരിശീലനം സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വനിതകൾക്ക് യോഗപരിശീലനം (പ്രോജക്ട്.നം.S0059/20) എന്ന പ്രോജക്ടിനായി ആകെ 187902 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യോഗ പരിശീലനം ആയുഷ്യമായി ചേർന്ന വേണമായിരുന്ന നടപ്പിലാക്കേണ്ടത്. മാത്രമല്ല മാർഗ്ഗരേഖ പ്രകാരം ഒരു സെഷന് 400 രൂപ നിരക്കിൽ ഒരു മാസത്തേയ്ക്ക് ട്രെയിനറുടെ ചെലവായ 12000 രൂപ മാത്രമാണ് അനുവദിയ്ക്കാമായിരുന്നത്. എന്നാൽ പഞ്ചായത്തിൽ ടി പദ്ധതി നടപ്പിലാക്കിയപ്പോൾ ഡോളിജോളി, ആൻസൺസ് കോംപ്ലക്സ്, സി.സി.എസ്.ബി റോഡ് (ഇൻവോയിസ്.നം.A0001,തീയതി 11/30/2019), ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 27600രൂപ മുടക്കി 80 യോഗ മാറ്റും വാങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് ഉപരിയായി തുക ചെലവഴിച്ചതും, മാറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോ, തുടർ വർഷങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ള വിവരങ്ങളും സംബന്ധിച്ച് 23/06/21 തീയതി ഓഡിറ്റ് എൻക്വയറി(നം.9) നൽകിയിരുന്നു. ടി ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ യോഗാമാറ്റുകൾ യോഗാ ക്ലാസിന് നൽകിയ ശേഷം തിരിച്ചെടുത്ത് ആയുർവേദ ഡിസ്പെൻസറിയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തുടർവർഷം കോവിഡ് വ്യാപനം മൂലമാണ് യോഗപ്രോജക്ട് ഉൾപ്പെടുത്താത്തതെന്നും ആശുപത്രി വികസന സമിതി കൂടിയ യോഗത്തിൽ പ്രോജക്ട് തുടരുന്നതിനോപ്പം യോഗക്ലബ്ബ് രൂപീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-22 അഗതി രഹിത കേരളം-പദ്ധതിപ്പണം അഗതികൾക്കായി വിനിയോഗിച്ചില്ല

2019-20 വർഷം അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അഗതി രഹിത കേരളം പദ്ധതിയ്ക്കായി (പ്രോജക്ട് നം. 116/20) പ്രകാരം അഗതികൾക്ക് മെഡിക്കൽ ക്യാംപ്, ആരോഗ്യ സേവനങ്ങൾ എന്നിവ നടത്തുന്നതിനായി വികസനഫണ്ട് 1,00,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,00,000 രൂപയും വകയിരുത്തുകയും ടി തുക യഥാക്രമം 18-07-2019, 10-12-2019 എന്നീ തീയതികളിൽ അക്കൗണ്ട് നം.

81330100001249 (വിജയ ബാങ്ക്) ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്( ബിൽ നം.2/19-20 C/O 17-07-2019, ബിൽ നം. 8/19-20 C/O 10-12-2019). ചലഞ്ച് ഫണ്ട് ഉൾപ്പടെ 10,09,634.38 രൂപയാണ് 04-03-2020 ലെ ഈ അക്കൗണ്ടിലെ ബാലൻസ്. തൻവർഷം മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും മറ്റ് ചെലവുകൾക്കുമായി ആകെ 12950 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. പദ്ധതി അനുസരിച്ചുള്ള ആരോഗ്യ സേവനങ്ങൾ അഗതികൾക്ക് നൽകി തുക വിനിയോഗിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 റി ബിൽഡ് കേരള - സർവെ നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

റി ബിൽഡ് കേരള പദ്ധതി പ്രകാരം പ്രളയം മൂലം നാശനഷ്ടം സംഭവിച്ച വീടുകളുടെ സർവ്വെ നടത്തിയ ജീവനക്കാരുടെ ദിവസവേതനമായി 1500 രൂപ നിരക്കിൽ ആകെ 105000 രൂപ(ചെക്ക് നം.2303759/6.9.2019) ചെലവഴിച്ചിട്ടുണ്ട്. 2842 വീടുകൾ പരിശോധിച്ചതിനാണ് തുക നൽകിയത്. എന്നാൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ സർവേ നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഡേറ്റാ എൻട്രി നടത്തുന്നതിനും ഗ്രാമസഭാലിസ്റ്റ് തയാറാക്കുന്നതിനുമായി ആശാദേവി എന്ന വ്യക്തിക്ക് ദിവസം 770 രൂപാ നിരക്കിൽ 66 ദിവസത്തേയ്ക്കായി 50820 രൂപ(ചെക്ക് നം.2303762/17.9.2019) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി ഒ (പി) നം.81/2019/ധന./9.7.2019 പ്രകാരം ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് അനുവദിക്കാവുന്ന ദിവസവേതനം 740 രൂപയാണ്. ഇപ്രകാരം വേതനം ഇനത്തിൽ അനുവദിക്കാവുന്ന തുക 48840 രൂപ മാത്രമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അധികം ചെലവഴിച്ചതിനും അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/22.6.2021) വിശദീകരണം നൽകിയില്ല. അതിനാൽ സർവ്വെ നടത്തുന്നതിലേക്ക് ചെലവഴിച്ച 105000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഡേറ്റാ എൻട്രി നടത്തിയ ഇനത്തിൽ അധികം ചെലവഴിച്ച 1980 രൂപ തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>1-24 തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ചെയ്ത് നല്കിയത്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ ഒരു അക്രഡിറ്റഡ് എൻജിനീയർ, രണ്ട് ഓവർസിയർ, മൂന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ടി ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ചെയ്ത് നൽകിയ ഇനത്തിൽ 53382 രൂപ (ചെക്ക് നം.2303713/5.4.2019) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ലീവ് സംബന്ധിച്ച വിവരങ്ങൾ തയാറാക്കി ലീവ് അക്കൗണ്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സറണ്ടർ ചെയ്ത ലീവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇപ്രകാരം ലീവ് സറണ്ടർ ചെയ്ത രജിസ്റ്ററിന്റെ അഭാവത്തിൽ ആർജിതാവധി സറണ്ടർ ചെയ്ത് തുക നൽകിയത് ശരിയായ നടപടിയില്ല. ലീവ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

<u>1-25 മൊമെന്റോകൾ വാങ്ങിയത്- രേഖകൾ സൂക്ഷിച്ചിട്ടില്ല.</u>

ഉയർന്ന മാർക്ക് നേടി വിജയിച്ച ഗ്രാമപഞ്ചായത്തിലെ 10-ാം ക്ലാസ്, പ്ലസ് ടു കുട്ടികൾക്ക് നൽകുന്നതിനായി 6650 രൂപ (വൗച്ചർ നം. 21900342/24.9.2019) ചെലവഴിച്ച് 24 മൊമെന്റോകൾ വാങ്ങിയിട്ടുണ്ട് എന്നാൽ കുട്ടികളുടെ അർഹത തെളിയിക്കുന്ന രേഖകളോ വിതരണ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(നം.6/22.6.2021) നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ഹാജരാക്കിയില്ല. ഇക്കരണത്താൽ 6650 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു..

<u>1-26 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല- ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു</u>

വാർഷിക കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ നാളിതുവരെ ചെലവഴിക്കാതെ നിഷ്ക്രിയമായി തുടരുന്നു. 2019-20 സാമ്പത്തിക വർഷാവസാനം ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| കാവുകുളം പുനരുദ്ധാരണം | 497000 |
| വിമുക്തി | 37500 |
| പതാക തുക | 250000 |
| ഫ്ലഡ് | 466432 |

ചെലവഴിക്കാതെ അവശേഷിക്കുന്ന മേൽ തുകകൾ അതാത് ആവശ്യങ്ങൾക്കായി ചെലവഴിക്കുയോ തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.

<u>1-27 പകൽവീട് ബാക്കി പണി പൂർത്തിയാക്കൽ-ടെണ്ടർ കുറവ് വരുത്തിയില്ല.</u>

| | |
|---|---|
| പ്രോജക്റ്റ് നം | So115/17-18, 119/19-20 |
| എസ്റ്റിമേറ്റ് | 420000 |
| പി.എ).സി | 420000--7.99%=386442 |
| കരാറുകാരൻ | മാത്യൂ വർഗ്ഗീസ്സ് |
| കരാർ നം | 17/17-18/06.01.18 |
| ആകെ മൂല്യം | 363133.79/31.03.19 |
| എം ബുക്ക് നം. | 18/17-18 |

ഈ പ്രവൃത്തിക്കായി 7.99% കുറവായുള്ള മാത്യൂ വർഗ്ഗീസിന്റെ ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. 17-18ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 31.03.19 ലാണ്. എം ബുക്ക് പ്രകാരം(18/16-17) ആകെ മൂല്യം 363133.79 ആണ്. ടെണ്ടർ കുറവ് വരുത്തിയ തുകയാണ് ആദ്യ പാർട്ട് ബിൽ ആയി 2017-18ൽ അനുവദിച്ചത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. ഫൈനൽ ബിൽ പ്രകാരമുള്ള മൂല്യമായ 153147.68 ൽ നിന്നും നികുതികൾ, കാലതാമസത്തിനുള്ള പിഴ എന്നിവ കുറവ് ചെയ്ത് കരാറുകാരന് 127113 രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ കുറവ്(153147.68 -7.99%) വരുത്തിയാൽ അനുവദിക്കാവുന്നത് 140911.19 രൂപയാണ് എന്നിരിക്കെ 153147.68(ബിൽ നം.14/05.07.2019) രൂപയാണ് അനുവദിച്ചിട്ടുള്ളത്. അധികമായി നൽകിയ 12236.49 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| ആകെ മൂല്യം | 153147.68 | 153147.68 |
| ടെണ്ടർ കുറവ്(-7.99% ) | - | 12236.49 |
| ആകെ | 153147.68 | 140911.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(20/27.06.2021) മറുപടി നൽകിയില്ല. തുക ഈടാക്കി സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-28 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

താഴെ പേരു ചേർക്കപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചു നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

1.ബഡ്സ് സ്കൂളിന് ചുറ്റുമതിൽ

| | |
|---|---|
| പ്രോജക്റ്റ് നം | So113/18,102/19-20 |
| എസ്റ്റിമേറ്റ് | 685000,MGNR |
| പി.എ).സി | 613494.26 |
| കരാറുകാരൻ | ബാബു ഗോപാലൻ |
| കരാർ നം | 16/AE/17-18/28.12.17 |
| ചെലവ് തുക | 636825(1/18.05.19) |
| എം ബുക്ക് നം. | 17/18-19 |

പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസമായിരുന്നു. കരാർ ചമച്ച് സൈറ്റ് കൈമാറിയത് 28.12.17 ലും പ്രവൃത്തി പൂർത്തീകരിച്ചത് 28.02.19 ലുമാണ്. 2017-18 സാമ്പത്തിക വർഷം കരാർ ചമച്ച പ്രവൃത്തി ആരംഭിച്ചത് തന്നെ 1.11.18 ലാണ്. ഓരോ ഇനത്തിലും അളവ് വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കണമെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്, 16.02.19 ലെ III(3) നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 22.2.19 ൽ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. എം ബുക്കിൽ ആദ്യ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 1.11.18 ലും അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 28.02.19 ലുമാണ്. 31.03.18 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 28.02.19 ലാണ്. രണ്ട് തവണകളായി ഈടാക്കേണ്ടിയിരുന്ന പിഴ 18405 (613494.26x3%) രൂപയായിരുന്നു. പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചിരുന്നെങ്കിൽ പോലും 15.05.18ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൊതുമരാമത്ത് മാനുവൽ അനുശാസിക്കും പ്രകാരം കാലാവധി ദീർഘിപ്പിക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ കാലയളവിനും ശേഷമാണ് പ്രവൃത്തി ആരംഭിച്ചത് തന്നെ. കാലാവധി ദീർഘിപ്പിക്കുകയോ അല്ലാത്തപക്ഷം കരാർ റദ്ദ് ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പിലാക്കുകയോ ചെയ്യേണ്ടിയിരുന്നു. ഇപ്രകാരമുള്ള യാതൊരു നടപടികളും സ്വീകരിക്കാത്ത സാഹചര്യത്തിൽ PWD മാനുവൽ സെക്ഷൻ 2116.1പ്രകാരം അധികമായി എടുക്കുന്ന ഓരോ ആഴ്ചക്കും PACയുടെ 0.1% നിരക്കിൽ (പരമാവധി 10%) തുക ലിക്വിഡേറ്റഡ് ഡാമേജും (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണ്.

2.പി.എച്ച്.സി ഫീഡിംഗ് റൂം നിർമ്മാണം

| | |
|---|---|
| പ്രോജക്റ്റ് നം | So88/19-20,84/18 |
| എസ്റ്റിമേറ്റ് | 250000 |
| പി.എ.സി | 226250 |
| കരാറുകാരൻ | സന്തോഷ് കുമാർ.റ്റി |
| കരാർ നം | 08/AE/LSGD/19.07.18 |
| ചെലവ് തുക | 181940(7/24.4.19) |
| എം ബുക്ക് നം. | 20/18-19 |

പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസമായിരുന്നു. 19.07.18 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 19.10.18 ലായിരുന്നു എന്നിരിക്കെ പ്രവൃത്തി പൂർത്തീകരിച്ചത് 25.03.19 ൽ മാത്രമാണ്. പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നത് 06.11.18 വരെയും രണ്ട് തവണകളായി ഈടാക്കേണ്ടിയിരുന്ന പിഴ 6788 (226250x3%) രൂപയുമായിരുന്നു. എന്നാൽ പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചു നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്കുകയോ ചെയ്തിട്ടില്ല.

മേല് പറഞ്ഞ പ്രവൃത്തികളിൽ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കുകയോ സപ്ലിമെന്ററി കരാർ ചമക്കുകയോ ചെയ്തിട്ടില്ല. പൊതുമരാമത്ത് മാനുവൽ അനുശാസിക്കും പ്രകാരം തുടർനടപടി സ്വീകരിക്കാത്തതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(17/24.06.21) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 ശ്മശാന നിർമ്മാണം-പദ്ധതി ആവിഷ്കരിക്കുന്നതല്ലാതെ പ്രവൃത്തി നടപ്പിലാക്കുന്നില്ല

കരുവാറ്റ പഞ്ചായത്ത് എഴിന പരിപാടിയിൽ ഉൾപ്പെടുത്തി ശ്മശാനത്തിനായി 200 സെന്റ് സ്ഥലം 1980 കാലഘട്ടത്തിൽ ആർജ്ജിച്ചിട്ടുണ്ട്. ടി ഭൂമിയിൽ 2018-2019, 2019-2020 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചുവെങ്കിലും ഇതേ വരെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. ഈ വസ്തുവിന്റെ ആധാര രജിസ്ട്രേഷൻ ഇതേ വരെയും നടന്നിട്ടില്ല എന്നും പുനർ രജിസ്ട്രേഷൻ നടത്തി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുവാൻ സബ്കമ്മറ്റിയെ ചുമതലപ്പെടുത്തിയും 19.11.19 ൽ കമ്മറ്റി (12-ാം നം തീരുമാനം) തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി നിലവിൽ പുനർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. നിലവിലും ഈ ആസ്തി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ

ഉൾപ്പെട്ടിട്ടില്ല. ആധുനിക ശ്മശാന നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതം(1500000), ജില്ലാ പഞ്ചായത്ത് വിഹിതം(455308), എന്നിവ ഉൾപ്പെടുത്തിയാണ് 18-19, 19-20(സ്പിൽഓവർ) പദ്ധതി ആസൂത്രണം ചെയ്തതെങ്കിലും പദ്ധതി ഇതേ വരെയും നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (12/22.06.21) മറുപടിയായി, ലഭിച്ച ബ്ലോക്ക് വിഹിതം പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെന്നും, ടി ഭൂമി റവന്യൂ രേഖകളിൽ നിലം എന്ന് കാണപ്പെടുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക പ്രശ്നങ്ങളുണ്ടെന്നും ആയതിനാൽ തുടർ വർഷങ്ങളിൽ (20-21, 21-22) ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കഴിയുന്നില്ലായെങ്കിൽ തുക തിരികെ ബ്ലോക്ക് പഞ്ചായത്ത് മുഖേന സർക്കാരിലേക്ക് ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-30 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മസ്റ്റർ റോൾ സൂക്ഷിപ്പിൽ അലംഭാവം</u>

2019-20ലെ ദേശീയ തൊഴിലുറപ്പു പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ മസ്റ്റർ റോൾ സൂക്ഷിപ്പിൽ തൊഴിലുറപ്പു വിഭാഗം വ്യക്തമായ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 . മസ്റ്റർ റോൾ രജിസ്റ്റർ അപൂർണ്ണം.

2019-20 കാലയളവിൽ നടപ്പാക്കിയ പ്രവൃത്തികളുടെ മസ്റ്റർ റോൾ രജിസ്റ്ററിൽ ഏതാനും പ്രവർത്തികൾക്കൊഴികെ പ്രവർത്തിയ്ക്ക് ഭരണാനുമതി ലഭിച്ച തുക, മസ്റ്റർ റോൾ ഇഷ്യൂ ചെയ്ത തീയതി, വർക്ക് സൈറ്റിൽ നിന്നും തിരികെ ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മസ്റ്റർ റോൾ ഏറ്റുവാങ്ങിയ ഉദ്യോഗസ്ഥന്റെ ഒപ്പ്/ തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല .

2 . മസ്റ്റർ റോളിലെ ഹാജർ വിവരം അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3 . ഇഷ്യൂ ചെയ്യുന്ന എല്ലാ മസ്റ്റർ റോളുകളുടെയും മസ്റ്റർ റോൾ രജിസ്റ്ററിൽ ചേർക്കുന്നില്ല . തുടർച്ചയായി ഇഷ്യു ചെയ്യുന്ന മസ്റ്റർ റോളുകളിൽ ആദ്യത്തേതിന്റെ നമ്പർ മാത്രമാണ് മിക്കവാറും പ്രവർത്തികളിൽ മസ്റ്റർ റോൾ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് .

4 . ഹരിപ്പാട് ബ്ലോക്ക് പ്രോഗ്രം ഓഫീസറുടെ 19.07.2019 ലെ ഡി. 984/19നമ്പർ കത്ത് പ്രകാരം പത്താം വാർഡിൽ മേറ്റുമാരായ ശ്രീമതി. ജലജ, ശ്രീമതി.ശ്യാമ എന്നിവർക്കെതിരെ മസ്റ്റർ റോളിൽ തിരുത്തൽ വരുത്തിയതുമായി ബന്ധപ്പെട്ട് ശിക്ഷാ നടപടികൾ ശുപാർശ ചെയ്തിരുന്നു. ഗുരുതരമായ ക്രമക്കേട് കാണിച്ചിട്ടും ഇരുവരേയും മൂന്നു മാസം മേറ്റ് പദവിയിൽ നിന്നും മാറ്റി നിർത്തുക മാത്രമാണ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ചെയ്തിട്ടുള്ളത്.

അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.3/21.06.2021 ന് ഉള്ള മറുപടിയിൽ 2019-20 വർഷം 370 പ്രവർത്തികൾ നടപ്പാക്കിയതിനാൽ ജോലി ഭാരം കാരണം മസ്റ്റർ റോൾ രജിസ്റ്റർ കുറ്റമറ്റതാക്കുവാൻ സാധിച്ചില്ലെന്നും, ഇതോടൊപ്പം ചൂണ്ടിക്കാട്ടിയ മറ്റ് അപാകങ്ങളും ആവർത്തിക്കില്ല എന്നും അറിയിച്ചു.

തൊഴിലാളികൾക്ക് വേതനം അനുവദിയ്ക്കുന്നതിന് ഏറ്റവും അനിവാര്യ രേഖയായ മസ്റ്റർ റോളിന്റെ സൂക്ഷിപ്പ് കുറ്റമറ്റതാക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

<u>1-31 അങ്കണവാടി പോഷകഹാര വിതരണ പദ്ധതി-സ്റ്റോക്ക് എന്ട്രിയിൽ വ്യത്യാസം</u>

പ്രോജക്ട് നം. 50/19-20

അടങ്കൽ .1900000

ചെലവ് .1554210

ബിൽ നം .2/19-20/25.07.19 /420402/-രൂപ

ബിൽ നം .3/19-20/14.10.19 / 137731/-രൂപ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അങ്കണവാടി പോഷകഹാര വിതരണ പദ്ധതിയ്ക്കായി മേൽ ബില്ലുകളിൽ ഉൾപ്പെടുത്തി വാങ്ങിയ ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് എന്ട്രി വരുത്തി വിതരണം നടത്തിയതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു .

1. ഇടവനക്കാട് തീരമൈത്രി സൂപ്പർ മാർക്കറ്റിൽ നിന്നും ഇൻവോയിസ് നം. 015/17.05.2109 പ്രകാരം 58 രൂപ നിരക്കിൽ 160 കിലോ റാഗി പൗഡർ വാങ്ങിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം. 52 പ്രകാരം 19 അങ്കണവാടികളിലായി 150 കിലോ റാഗി പൗഡർ ആണ് വിതരണം ചെയ്തിട്ടുള്ളത്.

2.ഐശ്വര്യ അമൃതം ഫുഡ് സപ്ലിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം. 044/03.04.2019 പ്രകാരം 70 രൂപ നിരക്കിൽ 54 കിലോ അമൃതം ന്യൂട്രി മിക്സ് വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിതരണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

സ്റ്റോക്ക് എൻട്രിയിലും വിതരണത്തിലുമുള്ള അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം.11/23.06.21 ന് ക്രമ നം.1ൽ പരാമർശിച്ച അപാകം സ്റ്റോക്ക് എഴുതിയതിൽ വന്ന വ്യത്യാസമാണെന്നും ക്രമ നം.2 ൽ പരാമർശിച്ച അപാകം രണ്ടു ബില്ലായി സാധനങ്ങൾ വാങ്ങിയിൽ സംഭവിച്ചതാണെന്നും മറുപടി നല്കി.

സ്റ്റോക്ക് എൻട്രിയിലെ വ്യതിയാനം ഗുരുതരമായ ക്രമക്കേടുകൾക്ക് കാരണമായേക്കാമെന്നതിനാൽ വിഷയത്തിന്മേൽ വിശദമായ അന്വേഷണം ശുപാർശ ചെയ്യുന്നു .

1-32 അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ ആകെ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 15എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 4 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 62 ാംനമ്പർ അങ്കണവാടിയ്ക്ക് സ്വന്തമായി സ്ഥലം ലഭിച്ചിട്ടില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന 52, 65 എന്നീ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു .

എല്ലാ അങ്കണവാടികൾക്കും കുടിവെള്ള സൗകര്യവും 52 ഒഴികെ മറ്റെല്ലായിടത്തും ടോയ് ലെറ്റും, 7അങ്കണവാടികൾക്ക് ചുറ്റുമതിലും ഉണ്ട്. 60-ാംനമ്പർ അംഗണവാടിയുടെ ബേബി ഫ്രണ്ട് ലി ടോയ് ലെറ്റ് നിലവിൽ ഉപയോഗ യോഗ്യമല്ല. കളിപ്പാട്ടങ്ങൾ, ഗ്യാസ് കണക്ഷൻ എന്നിവ എല്ലാ അംഗണവാടികളിലും ഉണ്ട്. 2019-20 കാലയളവിൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റോടെയാണ് അങ്കണവാടികൾ പ്രവർത്തിച്ചിരുന്നതെങ്കിലും നിലവിൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും ഇനിയും നാല് അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും, കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ(എം.എസ് )29/2012 ത.സ്വ.ഭ.വ /03.09.2010 ഉത്തരവിലെ നിർദ്ദേശത്തിൽ പോഷകാഹാര വിതരണത്തിനായി വിവിധ വർഷങ്ങളിൽ അനുവദിച്ച വിനിയോഗിക്കാതെ അവശേഷിക്കുന്ന കേന്ദ്ര വിഹിതം അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി വിനിയോഗിക്കാനുള്ള അനുമതി നല്കിയിരുന്നു .

വിവിധ വർഷങ്ങളിൽ അനുവദിച്ച കേന്ദ്ര വിഹിതമായ 621310 രൂപ വിനിയോഗിക്കപ്പെടാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുക ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

1-33 മരുന്നുകളുടെ ലഭ്യത പൂർണ്ണമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2019 -20 വർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ സാന്ത്വന പരിചരണ പരിപാടി, പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾക്കായി പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.സി.എൽ ന് തുക അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മരുന്നിന്റെ ലഭ്യത പൂർണ്ണമായിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു .

| പ്രോജക്ട് നം/ പേര് | ബിൽ.നം/ തീയതി | പ്രോഫോർമ ഇൻവോയിസ് നം /തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 11/19-20-സാന്ത്വന പരിചരണ പരിപാടി | 12/19-20/30.03.2020 | 4177/29.01.2020 | 255000 | 216836 | 38164 |
| 16/19-20പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ | 10/19-20/30.03.20 | 4651/17.02.2020 | 200000 | 131695 | 68305 |

അഡ്വാൻസായി തുക അടച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭിയ്ക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 10 /23.06.2021

നല്കിയതിന് കോവിഡ് 19നെ തുടർന്നുള്ള ലോക്ക്ഡൗൺ കാരണമാണ് മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ ന് കഴിയാതിരുന്നതെന്ന് മാനേജർ അറിയിച്ചതായി മറുപടി നല്കി .

സമയബന്ധിതമായി മരുന്നുകൾ ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് .

1-34 ലൈഫ് മിഷൻ പദ്ധതി- ഒരു അവലോകനം

സ്വന്തമായി ഭൂമിയുള്ളവർക്ക് അതിൽ വീട് പൂർത്തിയാക്കുന്നതിനും, നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ഭൂമിയില്ലാത്തവർക്കും ഭവനരഹിതരായവർക്കും ഭവന സമുച്ചയങ്ങൾ പണിയുന്നതിനും ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫണ്ട് വിനിയോഗം

സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ഗ്രാമ പഞ്ചായത്ത് വിഹിതം, ഹഡ്‌ക്കോ ലോൺ എന്നിവയാണ് പ്രധാന ധനസ്രോതസ്സുകൾ.

| വിഹിതം | വർഷം | | ചെലവഴിച്ചത് | ശേഷിയ്ക്കുന്നത് |
|---|---|---|---|---|
| സംസ്ഥാനവിഹിതം | 2018-19 | | | |
| | 2019-20 | 76,00000 | 76,00000 | - |
| ഹഡ്‌ക്കോ ലോൺ | 2018-19 | 1,27,60,000 | 18620000 | |
| | 2019-20 | 5860000 | | |
| പ്ലാൻ ഫണ്ട് | 2018-19 | 2800000 | 46,00,000 | |
| | 2019-20 | 1800000 | | |
| ബ്ലോക്ക് വിഹിതം | 2018-19 | 11,32,238 | 24,80,000 | 12238 |
| | 2019-20 | 13,60,000 | | |
| ജില്ലാ വിഹിതം | 2018-19 | 1177373 | 120000 | 57373 |
| | 2019-20 | | | |

2 . നടപ്പിലാക്കിയ പദ്ധതികൾ

132 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഏറ്റെടുത്തതിൽ 131 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. മിനി, പുത്തൻപുരയിൽ എന്ന ഗുണഭോക്താവിന് രണ്ടു ഗഡു ആനുകൂല്യം(ആദ്യ ഗഡു-40,000, രണ്ടാം ഗഡു-1,60,000) നൽകിയിട്ടുണ്ട്. എന്നാൽ ഇതേ വരെയും വീട് പണി പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-35 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിയമ പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണമായ ചുമതലയും ഉത്തരവാദിത്വവും ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. കരുവാറ്റ ഗ്രാമ ഗ്രാമ പഞ്ചായത്തിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ , രണ്ട് ഓവർസീയർ, മൂന്ന് അക്കൗണ്ടന്റ്-കം ഡേറ്റാ എന്ട്രി ഓപ്പറേറ്റമാർ എന്നിങ്ങനെ 6 ജീവനക്കാരാണ് തൊഴിലുറപ്പു വിഭാഗം മുഖേനയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നത്.

2019-20ലെ വർക്ക് രജിസ്റ്റർ പ്രകാരം ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണ്/കല്ല് കയ്യാല നിർമ്മാണം, തീറ്റപ്പുൽ വച്ചുപിടിപ്പിയ്ക്കൽ, കിണർ, ശുചിത്വ കക്കൂസ്, കാലിത്തൊഴുത്ത്, കോഴിക്കൂട്, ആട്ടിൻകൂട്, റോഡ് എന്നിവയുടെ നിർമ്മാണം എന്നിങ്ങനെ 371 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. തൊഴിലിനായി രജിസ്റ്റർ ചെയ്ത 2498 കുടുംബങ്ങളിൽ 2386 കുടുംബങ്ങൾക്ക് തൊഴിൽ നല്കിയിട്ടുണ്ട്. തൻ വർഷം ആകെ 145229 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേതനം, സാധനം, ഭരണചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 5,75,39,000 രൂപയുടെ ചെലവുണ്ട്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 286 ആണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അധിക തുക ചെലവഴിച്ചു

സ്ട്രീറ്റ് ലൈറ്റ് മെയിന്ററനൻസ് പ്രോജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്ററനൻസ് നടത്തുന്നതിനായി 2018-19 വർഷം 400000 രൂപ വകയിരുത്തി പ്രോജക്ട് (പ്രോജക്ട് നം.S020/19) ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ഇത് പ്രകാരം ഉപകരണങ്ങളുടെ വിലയായി 152324 രൂപയും 75% മെയിന്ററനൻസ് നടത്തിയ ഇനത്തിലെ തുകയും ഉൾപ്പടെ 300000 രൂപ 2018-19 വർഷം കരാറുകാരൻ ശീ ഓമനക്കുട്ടൻ പിള്ളയ്ക്ക് നൽകിയിരുന്നു. അവശേഷിക്കുന്ന 100000 രുപ (ബിൽ നം.7/24.6.19) തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തിയ ഇനത്തിൽ കരാറുകാരന് 2019-20 വർഷം(പ്രോജക്ട് നം.97/20) നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തിയതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മെയിന്ററനൻസ് നടത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ട്യൂബ് | സി.എഫ്.എൽ | എൽ.ഇ.ഡി | ബൾബ് |
|---|---|---|---|---|
| 1 | 5 | 17 | | |
| 2 | 8 | 30 | | |
| 3 | 6 | 40 | | |
| 4 | 8 | 32 | | |
| 5 | 9 | | 38 | |
| 6 | 6 | | 41 | |
| 7 | 9 | | | 39 |
| 8 | 7 | | | 35 |
| 9 | 12 | | | 35 |
| 10 | 9 | | | 43 |
| 11 | 7 | | | 40 |
| 12 | 5 | | | 36 |
| 13 | 7 | | | 33 |
| 14 | 6 | | | 46 |
| 15 | 9 | | | 38 |
| ആകെ | 113 | | 79 | 345 |

ഇപ്രകാരം ആകെ 656 തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തിയിട്ടുണ്ട്.

ഫയലിനോടൊപ്പം തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തുന്നതിന് കെ.എസ്.ഇ.ബി അംഗീകരിച്ച നിരക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം സി.എഫ്.എൽ/ട്യൂബ്/ബൾബ് എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി അംഗീകരിച്ച നിരക്ക് 278 രൂപയാണ്. ഇതനുസരിച്ച് തെരുവ് വിളക്കുകളുടെ മെയിന്ററനൻസ് നടത്തുന്നതിനായി ആകെ ചെലവഴിക്കാവുന്ന തുക 182368 രൂപ മാത്രമാണ്. അതോടൊപ്പം ഉപകരണങ്ങളുടെ വില 152324 രൂപ ഉൾപ്പെടെ ചെലവഴിക്കാവുന്ന തുക 334692 രൂപയാണ്. എന്നാൽ രണ്ട് വർഷങ്ങളിലുമായി ആകെ 400000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 65308 രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/24.6.2021) യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച 65308 രൂപ ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി ചുമത്തുന്നു. ജി.എസ്.റ്റി സെക്ഷൻ 51 പ്രകാരം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്കോ സേവനങ്ങൾക്കോ കരാറുകാരനിൽ നിന്ന് 2% തുക സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം തുക കുറവ് ചെയ്തതായി കാണുന്നില്ല. നിയമാനുസൃത നികുതി കരാറുകാരനിൽ നിന്ന് ഈടാക്കി ജി.എസ്.റ്റി വകുപ്പിൽ അടയ്ക്കേണ്ടതാണ്.

3-2 പകൽവീട് ബാക്കി പണി പൂർത്തിയാക്കൽ-ടെണ്ടർ കുറവ് വരുത്തിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | **So115/17-18, 119/19-20** |
| എസ്റ്റിമേറ്റ് | 420000 |
| പി.എ.സി | 420000--7.99%=386442 |
| കരാറുകാരൻ | മാത്യൂ വർഗ്ഗീസ്സ് |
| കരാർ നം | 17/17-18/06.01.18 |
| ആകെ മൂല്യം | 363133.79/31.03.19 |
| എം ബുക്ക് നം. | 18/17-18 |

ഈ പ്രവൃത്തിക്കായി 7.99% കുറവായുള്ള മാത്യൂ വർഗ്ഗീസിന്റെ ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. 17-18 ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 31.03.19 ലാണ്. എം ബുക്ക് പ്രകാരം(18/16-17) ആകെ മൂല്യം 363133.79 ആണ്. ടെണ്ടർ കുറവ് വരുത്തിയ തുകയാണ് ആദ്യ പാർട്ട് ബിൽ ആയി 2017-18 ൽ അനുവദിച്ചത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. ഫൈനൽ ബിൽ പ്രകാരമുള്ള മൂല്യമായ 153147.68 ൽ നിന്നും നികുതികൾ, കാലതാമസത്തിനുള്ള പിഴ എന്നിവ കുറവ് ചെയ്ത് കരാറുകാരന് 127113 രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ കുറവ്(153147.68-7.99%) വരുത്തിയാൽ അനുവദിക്കാവുന്നത് 140911.19 രൂപയാണ് എന്നിരിക്കെ 153147.68 (ബിൽ നം.14/05.07.2019) രൂപയാണ് അനുവദിച്ചിട്ടുള്ളത്. അധികമായി നൽകിയ 12236.49 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| ആകെ മൂല്യം | 153147.68 | 153147.68 |
| ടെണ്ടർ കുറവ്(-7.99% ) | - | 12236.49 |
| ആകെ | 153147.68 | 140911.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(20/27.06.2021) മറുപടി നൽകിയില്ല. തുക ഈടാക്കി സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## ഭാഗം -4

4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സാമൂഹ്യനീതി വകുപ്പ് | 2019-20 | 30000 | അങ്കണവാടിയ്ക്ക് കുടിവെള്ള കണക്ഷൻ (നം138/2021 | 30000 | ഇല്ല |
| കേന്ദ്ര വിഹിതം | | 484882 | അങ്കണവാടി പോഷകാഹാരം (നം50/2021) | 954210(2019-20വരെ ലഭിച്ച തുകയിൽ | 621310 |

| | | | | | |
|---|---|---|---|---|---|
| | | | | നിന്നുള്ള ചെലവ്) | |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | | 345365 | ലൈഫ് ഭവന പദ്ധതി(നം 131/2021) | 322278(2019-20വരെ ലഭിച്ച തുകയിൽ നിന്നുള്ള ചെലവ്) | 37647 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അങ്കണവാടി പോഷകാഹാരം (നം50/2021) | ഇല്ല | 100000 |
| മെമ്പർ സെക്രട്ടറി ബയോഡൈവേഴ്സിറ്റി ബോർഡ് | 2019-20 | 300000 | ബയോഡൈവേഴ്സിറ്റി പ്രോജക്ട് | ഇല്ല | 300000 |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 255000 | സാന്ത്വന പരിചരണ പരിപാടി(നം11/2021) | 255000 | ഇല്ല |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 960000 | ലൈഫ് ഭവന പദ്ധതി(നം131/2021) | 960000 | ഇല്ല |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (നം58/2021) | 100000 | ഇല്ല |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 460000 | ലൈഫ് ഭവനപദ്ധതി (നം 132/2021) | 460000 | ഇല്ല |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 3888659 | പാലിന് സബ്സിഡി(നം80/2021) | 3888659 | ഇല്ല |
| ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 200000 | അഗതിരഹിത കേരളം (നം116/2021) | 2200000 | ഇല്ല |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(നം58/2021) | 100000 | ഇല്ല |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 628770 | പാലിന് സബ്സിഡി(നം80/2021) | 628770 | ഇല്ല |

**4-2** <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഇല്ല

**4-3** <u>മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ</u>

ഇല്ല

**4-4** <u>വായ്പ / വായ്പാതിരിച്ചടവ്</u>

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8060000രൂപ വരവുണ്ട്. മുൻബാക്കി 19759325 രൂപയടക്കം 27819325രൂപയിൽ 1857561 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം ലഭിച്ച | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | വായ്പ തുക | | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 8060000 | 19759325 | 1857561 | | 25961764 |

**4-5 സ്ഥിര നിക്ഷേപം**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഈ ഇനത്തിൽ തൻ വർഷം വരവില്ല

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00 | 2003-04 | പബ്ലിക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൗണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-00 | 2003-04 | നികുതി പിരിവ്-പിഴപ്പലിശ ഈടാക്കിയിട്ടില്ല | |
| 1999-00 | 2003-04 | താറാവ് വിതരണം | |
| 2000-01 | 2003-04 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | |
| 2000-01 | 2003-04 | വനിത സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം | |
| 2000-01 | 2003-04 | മെതിയന്ത്രം-രസീതില്ല | |
| 2015-16 | 2016-17 | തൊഴിൽ നികുതി | 10.08.2018-ലെ X(1) തീരുമാന പ്രകാരം മറുപടി നൽകി |

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 86631072 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65856145 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 77544 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 261650 |

**(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 65308 | ശ്രീമതി.ദീപ്തി നായർ, സെക്രട്ടറി |
| 3-2 | | 12236 | ശ്രീമതി.ഹണി.എ), അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 77544 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 150000 | ശ്രീമതി.ദീപ്തി നായർ, സെക്രട്ടറി |
| 1-23 | 105000 | ശ്രീമതി.ദീപ്തി നായർ, സെക്രട്ടറി |
| 1-25 | 6650 | ശ്രീമതി.ദീപ്തി നായർ, സെക്രട്ടറി |
| **ആകെ** | 261650 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ദീപ്തി നായർ, സെക്രട്ടറി | സെക്രട്ടറി, കരുവാറ്റ ഗ്രാമ പഞ്ചായത്ത് | പുത്തൻകണ്ടത്തിൽ, മുതുകുളം സൗത്ത് പി.ഒ. – 690506 |
| ശ്രീമതി.ഹണി.എ), അസിസ്റ്റന്റ് എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, കരുനാഗപ്പള്ളി നഗരസഭ | കൊച്ചു പുത്തൻവീട്,പ്രകാശ് ഭവനം,ഇരവിപുരം,കൊല്ലം |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ).5.1832/2011/ 04.02.12 |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ).5.1832/2011/ 03.02.12 |
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ).5.1832/2011/ 04.02.12 |

| | |
|---|---|
| 2002-2003 | എൽ.എഫ്.ജി.എ).5.1832/2011/ 04.02.12 |
| 2003-2004 | എൽ.എഫ്.ജി.എ).5.1832/2011/ 04.02.12 |
| 2004-2005 | എൽ.എഫ്.ജി.എ).5.1832/2011/ 04.02.12 |
| 2005-2006 | എൽ.എഫ്.ജി.എ).5.1832/11/2011/ 04.02.12 |
| 2006-2007 | എൽ.എഫ്.ജി.എ).5.1577/2013/ 14.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ).5.1577/2013/ 14.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ).5.1577/2013/ 14.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ).5.1577/2013/ 14.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ)പി3-1399/2012/14.07.2014 |
| 2012-2013 | എൽ.എഫ്.എ)പി3-09/2014/21.03.2015 |
| 2013-2014 | എൽ.എഫ്.എ)പി3-550/15/ 03.06.2015 |
| 2014-2015 | കെ.എസ്.എ)/എഎൽ.പി/പി3-629/16/07.07.2017 |
| 2015-16 | കെ.എസ്.എ)/എഎൽ.പി/പി3-730/17/15.01.2017 |
| 2016-17 | കെ.എസ്.എ)/എഎൽ.പി/പി3-615/17/20.12.2017 |
| 2017-18 | കെ.എസ്.എ)/എഎൽ.പി/പി3-1496/2018/05.01.2019 |
| 2018-19 | കെ.എസ്.എ)/എഎൽ.പി/പി3-1032/2019/28.12.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്